(ബി) മഴവെള്ളം ഉപയോഗപ്പെടുത്താനായി കേരള വാട്ടർ അതോറിറ്റി 'വർഷ' എന്ന പേരിൽ ഒരു മഴവെള്ള കൊയ്ത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗപ്പെടുത്തിയും മഴവെള്ളകൊയ്ത്ത് പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ലോക ബാങ്ക് സഹായത്തോടെ കേരളാ റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി (KRWSA) മുഖാന്തിരം നടപ്പാക്കി വരുന്ന ഗ്രാമീണ കുടിവെള്ള പദ്ധതികളിലും മഴവെള്ളകൊയ്ത്ത് ഒരു ഘടകമാണ്.

(സി) സംസ്ഥാനത്ത് മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നുണ്ട്. നഗരപ്രദേശങ്ങളിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മഴവെള്ളം ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജലവിഭവ വകുപ്പു ഏറ്റെടുത്ത് നടത്തി വരുന്ന പദ്ധതികൾ

33 [190] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് ഏറ്റെടുത്തിട്ടുള്ളതും നിലവിൽ പ്രവൃത്തി പൂർത്തിയാക്കാനുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ ഉപേക്ഷിക്കാൻ തീരുമാനിച്ചു; അതിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ അടിയന്തിര പ്രാധാന്യം നല്കി പ്രവൃത്തി പുരോഗമിക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1. ഇടമലയാർ ജലസേചന പദ്ധതി
2. മൂവാറ്റുപുഴ ജലസേചന പദ്ധതി
3. വാമനപുരം ജലസേചന പദ്ധതി
4. കല്ലട ജലസേചന പദ്ധതി
5. കാരാപ്പുഴ ജലസേചന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

6. ബാണാസുരസാഗർ ജലസേചന പദ്ധതി
7. റഗുലേറ്റർ-കം-ബ്രിഡ്ജ്, തൃത്താല
8. കുരയാർകുറ്റി കാരപ്പാറ ജലസേചന പദ്ധതി
9. റഗുലേറ്റർ-കം-ബ്രിഡ്ജ്, ചമ്രവട്ടം
10. അട്ടപ്പാടിവാലി ജലസേചന പദ്ധതി

(ബി) 10-12-2003-ലെ ജി. ഒ. (എം. എസ്.)69/03/ജലവിവ. ഉത്തരവ് പ്രകാരം വാമനപുരം പദ്ധതിയുടെ ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) 1. കാരാപ്പുഴ പദ്ധതി
2. ബാണാസുര സാഗർ പദ്ധതി
3. റഗുലേറ്റർ-കം-ബ്രിഡ്ജ്, തൃത്താല
4. മൂവാറ്റുപുഴ പദ്ധതി
5. കല്ലട പദ്ധതി
6. ഇടമലയാർ പദ്ധതി

(ഡി) 1. കല്ലട പദ്ധതി - 2004-ൽ
2. മൂവാറ്റുപുഴ പദ്ധതി - 2004 ഡിസംബറിൽ
3. കാരാപ്പുഴ പദ്ധതി - 2005 ഡിസംബറിൽ
4. ബാണാസുര സാഗർ പദ്ധതി - 2006-ൽ
5. റഗുലേറ്റർ-കം-ബ്രിഡ്ജ്, തൃത്താല - 2005 മാർച്ചിൽ
6. ഇടമലയാർ പദ്ധതി - 2007-ൽ

ജലമലിനീകരണ നിയന്ത്രണം

34 [191] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലമലിനീകരണത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലമലിനീകരണം നിയന്ത്രിക്കുന്നതിന് ആധുനികവും കാര്യക്ഷമവുമായ ശാസ്ത്രീയമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly